പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2210 | 08.07.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി വാങ്ങിയ ആംബുലൻസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഇ. പി. ജയരാജൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | 2011 മെയ് മാസത്തിനുശേഷം കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി ആകെ എത്ര ആംബുലൻസുകൾ വാങ്ങുകയുണ്ടായി; | എ) | 2011 മെയ് മാസത്തിനുശേഷം കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി ഒരു ആംബുലൻസും വാങ്ങിയിട്ടില്ല. |
| ബി) | ആകെ എത്ര അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങു കയുണ്ടായി; | ബി) | 2009 ൽ എമർജൻസി മെഡിക്കൽ പ്രോജക്ടിനുവേണ്ടി ആകെ 50 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്. |
| സി) | ആകെ എത്രബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങു കയുണ്ടായി; | സി) | ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങിയിട്ടില്ല. |
| ഡി) | മത്സരാധിഷ്ഠിത ടെൻഡറുകൾ മുഖേനയാണോ വാങ്ങിയതെന്ന് വ്യക്തമാക്കുമോ; | ഡി) & ഇ) | മേൽ പരാമർശിച്ച 50 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ സംസ്ഥാന ആരോഗ്യ വകുപ്പ് സ്പെഷ്യൽ ഗവൺമെന്റ് റേറ്റിലാണ് വാങ്ങിയത്. പുതിയ ആംബുലൻസുകൾ വാങ്ങി ജീവൻരക്ഷാ ഉപകരണങ്ങൾ ഘടിപ്പിച്ച് പ്രവർത്തിപ്പിക്കാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. ഇതിനായി ജി.വി.കെ. ഇ.എം ആർ. ഐ, ഫാൽക്ക് ഇന്ത്യാ ലിമിറ്റഡ് എന്നീ കമ്പനികൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ട്. |
| ഇ) | എത്രകമ്പനികൾ ടെൻഡർ സമർ പ്പിച്ചുവെന്നും ഏതെല്ലാം കമ്പനി കളായിരുന്നുവെന്നും വ്യക്തമാക്കു മോ; | | |
| എഫ്) | ഏതു കമ്പനിയുടെടെൻഡറാണ് അംഗീകരിച്ചതെന്നും ഓരോ ആംബു ലൻസിനും എത്ര തുക വീതമാണ് വില നൽകിയതെന്നും വ്യക്തമാക്കു മോ? | എഫ്) | ഒരു കമ്പനിയുടേയും ടെൻഡർ അംഗീകരി ച്ചിട്ടില്ല ഏറ്റവും കുറഞ്ഞ തുക സമർപ്പിച്ച ജി.വി.കെ. ഇ. എം.ആർ.ഐ. വാഹനങ്ങൾ പ്രവർത്തിപ്പിക്കു വാനായി സമർപ്പിച്ച നിരക്കുകൾ കൂടുതലാണെന്ന് സെക്രട്ടറീസ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ ഈ കമ്മിറ്റി |

വാഹനങ്ങൾ പ്രതിമാസം പ്രവർത്തി പ്പിക്കാനുള്ള നിരക്കുകൾ നിശ്ചയിക്കുകയും, അതിൻ പ്രകാരം അവരോട് വാഹനങ്ങൾ പ്രവർത്തിപ്പിക്കു വാൻ ആവശ്യപ്പെടുകയും ചെയ്യു. എന്നാൽ ചർച്ചക ൾക്ക് ശേഷം പ്രസ്തുത കമ്പനി പുതിയ നിരക്കുകൾ സമർപ്പിക്കുകയുണ്ടായി. ജി.വി.കെ. ഇ.എം ആർ. ഐ. യും ഫാൽക്ക് ഇന്ത്യാ ലിമിറ്റഡും വാഹനങ്ങൾ വാങ്ങുവാനായി സമർപ്പിച്ച നിരക്കുകളും പ്രതിമാസം പ്രവർത്തിപ്പിക്കാനുള്ള നിരക്കുകളും ചുവടെ ചേർക്കുന്നു.

<u>വാഹനങ്ങളുടെ വില നിലവാരം</u>

| Firm | PTA ( Rate/Vehicle/Unit) | | BLS( Rate/ Vehicle/Unit) |
|---|---|---|---|
| Falck | 5,34,706,46 (TATA Sumo) | 6,90,000(TATA Sumo 4X4) | 6,81,705( Force Traveller)3050) |
| GVK | 4,80,025 (Bolero 2WD NAC BS III) | 6,90,000(TATA Sumo 4X4) | 9,41,555( Force Traveller 3350) |

<u>അഞ്ചുവർഷത്തേയ്ക്ക് പ്രവർത്തിക്കാൻ സമർപ്പിച്ച് നിരക്കുകൾ</u>

| Year | Flack | | GVK | |
|---|---|---|---|---|
| | BLS | PTA | BLS | PTA |
| 1st | 1,76,415 | 1,02,200 | 1,30,634 | 58,844 |
| 2nd | 1,76,046 | 1,06,921 | 1,38,387 | 62,757 |
| 3rd | 1,76,046 | 1,06,921 | 1,47,837 | 62,757 |
| 4th | 1,76,046 | 1,06,921 | 1,58,907 | 66,717 |
| 5th | 1,76,046 | 1,06,921 | 1,71,507 | 71,667 |

സെക്ഷൻ ഓഫീസർ